കേരള സർക്കാർ

# അശമന്നൂർ ഗ്രാമപഞ്ചായത്ത്

## 2016-17
## ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.ksad.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്- 682030
ഫോൺ 0484 2422271
email:doekm.ksad@kerala.gov.in

നം.കെ.എസ്.എ.-ഇ കെ എം(പി.2)2210/17

തീയതി – 30.11.2017

ഡെപ്യൂട്ടി ഡയറക്ടർ

അശമന്നൂർ ഗ്രാമ പഞ്ചായത്ത്
പ്രസിഡന്റ് (സെക്രട്ടറി മുഖേന)

സർ,

വിഷയം: അശമന്നൂർ ഗ്രാമപഞ്ചായത്ത് – 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അശമന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലേയും ഭാഗം 3 ലേയും ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇ.കെ.എം(പി.2)2210/2017)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in
തീയതി : 30.11.2017

## എറണാകുളം ജില്ലയിലെ അശമന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

.

എറണാകുളം ജില്ലയിലെ അശമന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 31.03.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ മുൻ വർഷത്തെ ഓഡിറ്റിൽ പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ലഭിച്ച മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | എസ്. വിജയകുമാർ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 27.09.2017മുതൽ 09.10.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി റസിയ ബീവി ജെ., ഓഡിറ്റ് ഓഫീസർ |
| | ശ്രീ.വിനീത്. ആർ, അസിസ്റ്റന്റ്ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ബബിത ബി. കുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ എൻ.എം. സലിം | 1.4.2016മുതൽ31.3.2017വരെ |
| വൈസ് പ്രസിഡന്റ് & ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | ശ്രീമതി ബിന്ദു നാരായണൻ | 1.4.2016 മുതൽ 31.3.2017വരെ |
| ആരോഗ്യ,വിദ്യാഭ്യാസ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | ശ്രീ ഹണിത് ബേബി | 1.4.2016 മുതൽ 31.3.2017വരെ |
| വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | അഡ്വ. ചിത്രചന്ദ്രൻ | 1.4.2016 മുതൽ 31.3.2017വരെ |
| ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | ശ്രീമതി ബിന്ദു ബെസ്സി | 1.4.2016 മുതൽ 31.3.2017വരെ |
| സെക്രട്ടറി | ശ്രീമതി. പി എം സെമീന | 1.4.2016 മുതൽ 31.3.2017വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ:

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി.അന ബേബി | 1.4.2016 മുതൽ 17.10.2016 വരെ |

| | | |
|---|---|---|
| | ശ്രീ.ബാലകൃഷ്ണൻ.എൻ. | 18.10.2016 മുതൽ 31.3.2017 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.എസ്. ഗായത്രി ദേവി | 1.4.2016മുതൽ 31.3.2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.പ്രമീള സി.പി. | 01.04.2016 മുതൽ 31.1.2017വരെ |
| | ശ്രീമതി.ഇന്ദുലേഖ കെ.ബി. | 01.02.2017 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ. അഹിത എ. ഖാദർ | 1.4.2016 മുതൽ 31.3.2017വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീകുമാരി. എ.കെ. | 1.4.16 മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ (പി എച്ച് സി) | ഡോ.അന്ന എം. ജോർജ്ജ് | 1.4.2016 മുതൽ 31.3.2017വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ശ്രീലേഖ | 1.4.2016 മുതൽ 19.1.2017വരെ |
| | ഡോ.നടാഷ തെരേസ | 20.1.2017 മുതൽ 31.3.2017വരെ |
| വെറ്ററിനറി സർജൻ | ഡോ.ബിജു .കെ .വർഗീസ് | 1.4.2016 മുതൽ 19.12.2016 വരെ |
| | ഡോ.അനിൽ എ.ബി. | 20.12.2016 മുതൽ 31.3.2017വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി ശ്രീലത വി. സി. | 1.4.2016 മുതൽ 31.3.2017 വരെ |
| ഹെഡ് മാസ്റ്റർ, ഗവ .യു പി എസ് | ശ്രീ കുഞ്ഞപ്പൻ. കെ. എ | 1.4.2016 മുതൽ 31.3.2017വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ ജോർജ്ജ് കെ. എം | 1.4.2016 മുതൽ 31.3.2017 വരെ |

.

ഉള്ളടക്കം


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ | 1-12 |
| 13 | ഓഡിറ്റ് ഇംപാക്ട് | 1-13 |
| | ഭാഗം - 2 | |
| 14 | ബി.എസ്.എൻ.എൽ – സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല | 2-1 |

| | | |
|---|---|---|
| 15 | തൊഴിൽ നികുതി , ലൈസൻസ് ഫീസ് ഒടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-2 |
| 16 | മൊബൈൽ ടവറുകളുടെ കെട്ടിടനികുതി ഈടാക്കിയില്ല | 2-3 |
| 17 | ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫീ | 2-4 |
| 18 | വാർഷിക കണക്ക് പരിശോധനാ വിവരം | 2-5 |
| | ഭാഗം - 3 | |
| 19 | കാലതാമസത്തിന് കോമ്പൻസേഷൻ ഈടാക്കിയില്ല | 3-1 |
| 20 | വാറ്റ് തുക ഒടുക്കിയതിൽ കുറവ് | 3-2 |
| 21 | പത്രപ്പരസ്യം -ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല | 3-3 |
| 22 | സെന്റേജ് ചാർജ് അധികം നല്കി | 3-4 |
| 23 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 3-5 |
| | ഭാഗം - 4 | |
| 24 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 25 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 27 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 28 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 29 | ഓഡിറ്റ് റിക്കവറി | 4-6 |
| 30 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 33 | ഓഡിറ്റ് സർട്ടിഫിക്കറ്റ് -2016-17 | അനുബന്ധം 1 |
| 34 | ബാലൻസ് ഷീറ്റ് -2016-17 | അനുബന്ധം 2 |
| 35 | റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് -2016-17 | അനുബന്ധം 3 |
| 36 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് -2016-17 | അനുബന്ധം 4 |


.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 4.2.2016 ൽ പഞ്ചായത്ത് കമ്മിറ്റി 2-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവു ചെലവുകളുടേയും യഥാർത്ഥ വരവു ചെലവുകളുടേയും വിവരം താഴെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 109296895 | 108541887 |
| വാർഷിക കണക്കുകൾ പ്രകാരം | 43187135 | 40268685 |

ഇ.എഫ്.എം.എസ് മുഖേന എം.ജി.എൻ.ആർ.ഇ.ജി.എസ്., ബി ഫണ്ട് എന്നീ ഇനങ്ങളിൽ നടന്നിട്ടുള്ള യഥാക്രമം 2.46 കോടി രൂപയുടെയും 2.64 കോടി രൂപയുടെയും വരവുചെലവുകൾ വരവു ചെലവു പത്രിക പ്രകാരമുള്ള വാർഷിക കണക്കിൽ ഉൾപ്പെടുന്നില്ല. ഇവ ഉൾപ്പെടുമ്പോൾ ബജറ്റ് പ്രകാരവും വാർഷിക കണക്കുകൾ പ്രകാരവുമുള്ള വരവ് ചെലവുകളിൽ ഗണ്യമായ വ്യത്യാസം ഇല്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.7.2017 | 13.07.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ട അപാകതകളുടെ വിവരം ഖണ്ഡിക 2-5 ആയി ചേർത്തിട്ടുണ്ട്. ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9360354 |
| വരവ് | 43187135 |
| ആകെ | 52547489 |
| ചെലവ് | 40268685 |
| നീക്കിയിരിപ്പ് | 12278804 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | ബജറ്റ് അലോട്ട് മെന്റ് | ചെലവ് | സഞ്ചിത നിധിയിലേക്ക് തിരികെപ്പോയ തുക | ചെലവ് ശതമാനം |
|---|---|---|---|---|
| പൊതു വിഭാഗം | 8177544 | 7233751 | 943793 | 88.46 |
| എസ്.സി. പി. | 3567222 | 3054499 | 512723 | 85.63 |
| ടി.എസ്. പി. | 10086 | - | 10086 | 0 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 11211183 | 7317064 | 3894119 | 65.27 |
| സംരക്ഷണ ഗ്രാന്റ് - നോൺ റോഡ് | 2554755 | 1988410 | 566345 | 77.83 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4585767 | 3207326 | 1378441 | 69.94 |
| പെർഫോമൻസ് ഗ്രാന്റ് ലോകബാങ്ക്) | 2402520 | 0 | 2402520 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് എണ്ണം | പദ്ധതി അടങ്കൽ | പൂർണ്ണമായി നടപ്പാക്കി യത് എണ്ണം | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാ ക്കി യത് | നടപ്പാക്കാ ത്തവ | പൂർത്തീ കരിച്ച പ്രോജക്ടു കളുടെ ശതമാനം |
|---|---|---|---|---|---|---|
| 159 | 71705543 | 98 | 26953373 | 52 | 9 | 61.64 |

.

| നിർവഹണ ഉദ്യോഗസ്ഥർ | അംഗീകാരം ലഭിച്ച പ്രൊജക്ടു കളുടെ എണ്ണം | നടപ്പാ ക്കിയത് | ആകെ അടങ്കൽ തുക | ചെല വഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| സെക്രട്ടറി | 18 | 14 | 4388553 | 2404819 | 65.76 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 65 | 48 | 53254199 | 13172512 | 64.13 |
| കൃഷി ഓഫീസർ | 4 | 4 | 1212456 | 1035568 | 41.22 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 8 | 7 | 1008333 | 937783 | 87.22 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1 | 500000 | 500000 | 100 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 2 | 260000 | 259260 | 100 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 5 | 3603356 | 3214173 | 89.2 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 28 | 23 | 3162560 | 3062457 | 97 |
| ഹെഡ്മാസ്റ്റർ ജി.എൽ.പി.എസ്. | 2 | 2 | 149000 | 148892 | 100 |
| വെറ്ററിനറി സർജൻ | 3 | 3 | 490000 | 178674 | 36.46 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 146500 | 146500 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 6 | 3530586 | 1892735 | 53.60 |
| | | | 71705543 | 26953373 | 37.59 |

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 27.56 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5192794 | 7386559 | 2193765 | +42.24 |
| നികുതിയേതര വരവുകൾ | 1665472 | 1312433 | -353039 | -21.19 |
| മറ്റുവരവുകൾ | 111885 | 192587 | 80702 | +72.12 |
| ആകെ | 6970151 | 8891579 | 1921428 | +27.56 |

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 91560 | 49 |
| കർഷകതൊഴിലാളി പെൻഷൻ | 5581710 | 673 |
| വിധവാപെൻഷൻ | 5883690 | 610 |
| വാർദ്ധക്യകാല പെൻഷൻ | 12645930 | 1232 |

| | | |
|---|---|---|
| ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 2124855 | 256 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 360000 | 12 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.10.2017 തീയതിയിൽ 3 പി. എം. ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11754/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഓരോ വർഷത്തിലും ആർജ്ജിക്കുന്ന ആസ്തിയുടെ വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ട്. രസീതു ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററും ഡ്യൂട്ടി രജിസ്റ്ററും കൃത്യമായി സൂക്ഷിക്കുന്നുണ്ട്. ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ നടത്തിയിട്ടുണ്ട്.
ഓഡിറ്റ് റിക്കവറി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്ററിൽ തുക ഒടുക്കുന്ന വിവരങ്ങൾ ചേർക്കുകയാണ് നിലവിൽ ചെയ്തുപോരുന്നത്.
മരാമത്ത് വേലകൾക്ക് കരാറുകാരുമായി ചമയ്ക്കുന്ന കരാറിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലയളവ് രേഖപ്പെടുത്തുന്നില്ല.കരാർ ഒപ്പുവെച്ചിരിക്കുന്നത് പഴയ ഫോർമാറ്റിലാണ്. ഇത് പുതുക്കിയ ഫോർമാറ്റിൽ തയ്യാറാക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23/08/2017 | 7/2017 | റിപ്പോർട്ട് ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05/01/2017 | 2011-12 മുതൽ 2015-16 | 20/02/2017 |

## 1-12 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ

| തൊഴിൽ ആവശ്യപ്പെട്ടവരുടെ എണ്ണം | തൊഴിൽ ലഭിച്ചവരുടെ എണ്ണം | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | | | | 100 ദിവസം തൊഴിൽ ലഭിച്ചവർ |
|---|---|---|---|---|---|---|
| | | പട്ടിക ജാതി | പട്ടിക വർഗ്ഗം | മറ്റുള്ളവർ | ആകെ | |
| 1690 | 1690 | 8993 | 0 | 51936 | 60929 | 43 |

.

| | |
|---|---|
| സാങ്കേതികാനുമതി ലഭിച്ച ആകെ പ്രവൃത്തികൾ | 287 |
| പൂർത്തീകരിച്ച പ്രവൃത്തികൾ | 269 |

## 1-13 ഓഡിറ്റ് ഇംപാക്ട്

പഞ്ചായത്തിലെ കേസുകൾ കൈകാര്യം ചെയ്തിരുന്ന അഡ്വ.എൻ.കെ.കർണിസിന് 2016-17 സാമ്പത്തികവർഷത്തിൽ വക്കീൽഫീസിനത്തിൽ തനത് ഫണ്ടിൽ നിന്നും വിവിധ തീയതികളിലായി 33,000/- രൂപ നല്കി . എന്നാൽ 1961 ലെ ആദായനികുതി നിയമം സെക്ഷൻ 194 ജെ പ്രകാരം പ്രൊഫഷണൽ ഫീസിനത്തിൽ 30,000/-രൂപയിൽ കൂടുതൽ തുക നല്കുമ്പോൾ ഈടാക്കേണ്ടിയിരുന്ന 10 ശതമാനം ആദായനികുതി ഈടാക്കിയിരുന്നില്ല . ഓഡിറ്റ് എൻക്വയറി (നം.4, 04.10.2017) നല്കിയതിനെത്തുടർന്ന് 09.10.2017 ൽ രസീത് നം. 117020101557 പ്രകാരം 3300 /- രൂപ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട് .ടി തുക ആദായനികുതിവകുപ്പിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബി.എസ്.എൻ.എൽ - സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല

2016-17 സാമ്പത്തികവർഷത്തിൽ ബി.എസ്.എൻ.എല്ലിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല. രണ്ട് അർദ്ധവർഷങ്ങളിലെ തുകയായ 1250/- രൂപ വീതം ആകെ 2500 /- രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി , ലൈസൻസ് ഫീസ് ഒടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്തിൽ 2016-'17 സാമ്പത്തികവർഷം നിലവിലുണ്ടായിരുന്ന 8063 കെട്ടിടങ്ങളിൽ 1023 എണ്ണം വ്യാപാരാവശ്യങ്ങൾക്ക് വേണ്ടി നിർമ്മിക്കപ്പെട്ടവയാണെന്ന് ഓഡിറ്റിൽ ഹാജരാക്കിയ സ്റ്റേറ്റ്മെന്റിൽ സൂചിപ്പിച്ചിട്ടുണ്ട് . എന്നാൽ കേവലം 248 സ്ഥാപനങ്ങൾ മാത്രമേ ഡി & ഒ ലൈസൻസ് എടുക്കുകയും തൊഴിൽ നികുതി ഒടുക്കുകയും ചെയ്തിട്ടുള്ളൂ . ഇത് പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം തീരെ കുറഞ്ഞ എണ്ണമാണ് . ഭൂരിഭാഗം സ്ഥാപനങ്ങളും ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നവയാണെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു . ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ വ്യാപാര-വ്യവസായ സ്ഥാപനങ്ങളിൽ നിന്നും നികുതി , ലൈസൻസ് ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട തുക പൂർണ്ണമായി ലഭിച്ചിട്ടില്ല എന്ന് വ്യക്തമാണ് . അടിയന്തിരമായി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും കാലാകാലങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതുമാണ് . ഈ അപാകതയ്ക്ക് വിശദീകരണം നല്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 05/06.10.17) ഹാജരാക്കിയ മറുപടിയിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട് .വ്യാപാര-വ്യവസായ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നില്ലെന്നും സ്ഥാപനത്തിന്റെയും ജീവനക്കാരുടെയും തൊഴിൽ നികുതി കൃത്യമായി ഈടാക്കുന്നുണ്ടെന്നും സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്. ഒരു തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ തനത് വരുമാനത്തിന്റെ പ്രധാനപങ്ക് വ്യാപാര-വ്യവസായ സ്ഥാപനങ്ങളിൽ നിന്നായതിനാൽ ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു .

## 2-3 മൊബൈൽ ടവറുകളുടെ കെട്ടിടനികുതി ഈടാക്കിയില്ല

പഞ്ചായത്തിൽ 2016 - '17 സാമ്പത്തികവർഷത്തിൽ നിലവിലുണ്ടായിരുന്ന ഏഴ് മൊബൈൽ ടവറുകളിൽ നിന്നും കെട്ടിടനികുതി ഈടാക്കിയിട്ടില്ല . വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പേര് | കെട്ടിട നം. | ഈടാക്കേണ്ട നികുതി | ഗ്രന്ഥശാല വരി | ആകെ (രൂപ) |
|---|---|---|---|---|---|
| 1 | റിലയൻസ് ഇൻഫോകോം ലിമിറ്റഡ് | VI / 431A | 13750 | 688 | 14438 |
| 2 | എസ്സാർ ടെലികോം | VI / 445A | 6000 | 300 | 6300 |
| 3 | ടവർ വിഷൻ ഇന്ത്യാ ലിമിറ്റഡ് | VIII / 62A | 6000 | 300 | 6300 |
| 4 | ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ് | VIII / 62B | 6000 | 300 | 6300 |

| | | | | | |
|---|---|---|---|---|---|
| 5 | ഇൻഡസ് ടവേർസ് | X / 410A | 6000 | 300 | 6300 |
| 6 | ഐഡിയ സെല്ലുലാർ ലിമിറ്റഡ് | XII / 98B | 4500 | 225 | 4725 |
| 7 | ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻ | XIII / 70A | 6000 | 300 | 6300 |
| ആകെ | | | 48250 | 2413 | 50663 |

ഈ ടവറുകളുടെ 2016 – '17 ലെ കെട്ടിടനികുതി 48250/- രൂപയാണ്. 2013–14, 2014–15, 2015-16 സാമ്പത്തികവർഷങ്ങളിലും ഇവയിൽ നിന്നും കെട്ടിടനികുതി ഈടാക്കിയിട്ടില്ല . കെട്ടിടനികുതി പിഴ പലിശസഹിതം ഈടാക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ് .

## 2-4 ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫീ

2015-16, 2016-17 വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് ഇ-ടെണ്ടർ നടപടികളിലൂടെ ചെയ്ത മരാമത്ത് പ്രവൃത്തികളിൽ, ടെണ്ടർ ഫീ ഇനത്തിൽ എറണാകുളം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ (എൽ.എസ്സ്.ജി.ഡി) പേരിലുള്ള അക്കൗണ്ടിലേക്ക് അടവായിരിക്കുന്ന തുകകളുടെ വിശദവിവരങ്ങൾ താഴെക്കൊടുക്കുന്നു. ഈ തുകകൾ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

2015-16

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ടെണ്ടർ ഫീ |
|---|---|---|
| | 2015-16 | |
| 1 | ജി.പി. ഭവൻ ബാലൻസ് വർക്ക് | 1050x2= 2100 |
| 2 | അങ്കണവാടി കണിയാംകുടിപടി റീടാറിംഗ് | 1260x4=5040 |
| 3 | കുരങ്ങാട്ടുചിറ അങ്കണവാടി | 1160x4=4640 |
| 4 | ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | 2630 x1 =2630 |
| | 2016-17 | |
| 1 | ഇല്ലത്ത്പടി മണിക്കുന്നമൂലമ്പലം കനാൽ റോഡ് | 1470 x 3=4410 |
| 2 | വണ്ടമറ്റം അങ്കണവാടി മൈക്രോവേവ് റോഡ് മെറ്റലിംഗ് | 1470 x 2=2940 |
| 3 | പനിച്ചയം പാച്ചുപിള്ളപ്പടി റോഡ് | 1470 x 2=2940 |
| 4 | പൂമാല അങ്കണവാടി റോഡ് | 1470 x 2=2940 |
| 5 | പൂമാല ലിഫ്റ്റ് ഇറിഗേഷൻ | 1890 x 4=7560 |
| 6 | ഏക്കുന്നം പുന്നയം മദ്രസ റോഡ് | 1470 x 2=2940 |
| 7 | പൂത്തകുഴി എസ്.സി കോളനി കുടിവെള്ള പദ്ധതി | 1470 x 2=2940 |
| 8 | പനിച്ചയം കോൺഫറൻസ് ഹാൾ നിർമ്മാണം | 1050 x 2=2100 |
| 9 | പനിച്ചയം കോൺഫറൻസ് ഹാൾ നിർമ്മാണം | 2630 x 3=7890 |
| 10 | പെരിയാർവാലി കോടനാട് ഈസ്റ്റ് ബ്രാഞ്ച് കനാൽ റോഡ് | 1470 x 3=4410 |
| | ആകെ | 55480 |

.

## 2-5 വാർഷിക കണക്ക് പരിശോധനാ വിവരം

വാർഷിക കണക്കുകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെചേർക്കുന്നു.

എ. സാംഖ്യ അക്കൗണ്ടിംഗ് പ്രകാരമുള്ള വാർഷികകണക്കിലെ പ്രോപ്പർട്ടി ടാക്സ് കളക്ഷനും, സഞ്ചയ പ്രകാരമുള്ള പ്രോപ്പർട്ടി ടാക്സ് കളക്ഷനും തമ്മിൽ തൻവർഷത്തെ കളക്ഷനിൽ 14,627 രൂപയുടെയും, കുടിശിക കളക്ഷനിൽ 4,326 രൂപയുടെയും വ്യത്യാസം കാണുന്നു.

ബി. ബാലൻസ് ഷീറ്റിലെ ബി-1ഷെഡ്യൂളിൽ പഞ്ചായത്ത് ഫണ്ട് രേഖപ്പെടുത്തിയിരിക്കുന്നത് മൈനസ് തുകയാണ് (989155 രൂപ). സാംഖ്യ സോഫ്റ്റ് വെയറിലെ ഓപ്പണിംഗ് ബാലൻസ് ചേർത്തപ്പോൾ ആസ്തികൾ ചേർക്കാതെ ബാങ്ക് ബാലൻസ് മാത്രം ചേർത്ത് നല്കിയത് മൂലമാണ് ഇപ്രകാരം സംഭവിച്ചതെന്നും ഈ പ്രശ്നം പരിഹരിക്കുന്നതിന് ഐ.കെ.എം -നെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു.

സി. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 26/7/2011 ലെ ജി.ഒ.(എം.എസ്) 152/2011 പ്രകാരമുള്ള ആസ്തി/ബാധ്യതകളുടെ മൂല്യം തിട്ടപ്പെടുത്തുന്ന പ്രക്രിയ പൂർത്തീകരിച്ചിട്ടില്ല.
ഡി. സചിത്ര സോഫ്റ്റ്വെയറിന്റെ അപ്ഡേഷൻ 31/03/2014 വരെ മാത്രമാണ് പൂർത്തിയായിട്ടുള്ളത്. സചിത്ര സാംഖ്യ ലിങ്കിംഗ് പൂർത്തിയായിട്ടില്ല.

ഇ. പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ കുന്നത്തുനാട് സബ് ട്രഷറിയിൽ 18/6/2009 ൽ ആരംഭിച്ച റ്റി.എസ്.ബി അക്കൗണ്ടിൽ (നമ്പർ- 712071400000015) 10/6/2013 ൽ 11,07,650 രൂപ എം. എൻ. ലക്ഷം വീട് പദ്ധതി പ്രകാരമുള്ള നീക്കിയിരിപ്പുണ്ടായിരുന്നത് തിരിച്ചടയ്ക്കുന്നതിന് സർക്കാർ നിർദ്ദേശം ലഭിക്കാത്തതിനാൽ ഇപ്പോഴും അതേപടി തുടരുന്നു.

എഫ്. പഞ്ചായത്തിന് തനത് ഫണ്ട് കൈകാര്യം ചെയ്യുന്നതിന് എസ്.സി.ബി അശമന്നൂരിലും, എസ്.ബി.ടി യിലും അക്കൗണ്ടുകളുണ്ട്. കൂടാതെ ഇ-പേമെന്റിനായി എസ്.ബി.ടി യിൽ 67379145154 എന്ന കറന്റ് അക്കൗണ്ടുമുണ്ട്. തനത് ഫണ്ട് കൈകാര്യം ചെയ്യാൻ ഒരു അക്കൗണ്ട് മാത്രമേ പാടുള്ളൂവെന്ന സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

ജി. പഞ്ചായത്തിന്റെ ആസ്തി കണക്കാക്കിയിരിക്കുന്നതിൽ (ബി-11 ഷെഡ്യൂളിൽ) പഞ്ചായത്തിനുള്ള ഭൂമിയുടെ മൂല്യം രേഖപ്പെടുത്തിയിട്ടില്ല.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കാലതാമസത്തിന് കോമ്പൻസേഷൻ ഈടാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് നമ്പരും പേരും | SO 32/17, പൂതക്കുഴി കോളനി കുടിവെള്ള പദ്ധതി വിപുലീകരണം വാർഡ് – 12 |
| കരാറുകാരൻ | ശ്രീ സജീവ് എം.എസ്. |
| അളവു പുസ്തകം | 32/16-17 |
| കരാർ നമ്പരും തീയതിയും | 19/AE/LSGD/ASNR/2015-16<br>തീയതി 14/12/2015. |
| പി.എ.സി | 200000രൂപ |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 27/2/2017 |
| ചെലവ് | ട്രഷറി ബിൽ നം. 46/16-17,<br>തീയതി 28.03.2017 200000രൂപ |

മേൽ പ്രവൃത്തിക്ക് 2015-16 -ൽ കരാർ വെച്ചതാണെങ്കിലും പ്രവൃത്തി ആരംഭിച്ചത് 20/12/2016 ലും പൂർത്തീകരിച്ചത് 27/2/2017 ലും ആണ്. ഡിസംബർ 2015 -ൽ കരാർ വെച്ച പ്രവൃത്തിയുടെ പൂർത്തീകരണ തീയതി കരാറിൽ പ്രസ്താവിച്ചിട്ടില്ല. ഈ പ്രവൃത്തി ആരംഭിക്കുന്നതിന് സംഭവിച്ച കാലതാമസത്തെക്കുറിച്ച് യാതൊന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. കാലതാമസം സംഭവിച്ചതിന് സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കുകയോ, കരാറിൽ പറഞ്ഞിരിക്കുന്ന പ്രകാരമോ പൊതുമരാമത്ത് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരമോ ഉള്ള ഫൈൻ/കോമ്പൻസേഷൻ ഈടാക്കുകയോ ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 06, തീയതി 6-10-17) എഞ്ചിനീയർ ഹാജരാക്കിയ മറുപടി, പണി തുടങ്ങുന്ന സമയത്ത് ഗുണഭോക്താക്കളിൽ നിന്നും എതിർപ്പ് നേരിട്ടതിനാൽ പദ്ധതി തുടങ്ങുന്നതിന് കാലതാമസം സംഭവിച്ചെന്നും, പിന്നീട് ഭരണ സമിതിയുടെ അംഗീകാരത്തോടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി പൂർത്തിയാക്കിയെന്നുമാണ്. എന്നാൽ ഈ പ്രവൃത്തിക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയതായി ഫയൽ പരിശോധിച്ചതിൽ കാണുന്നില്ല. 2015-16 ലെ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നോട്ടീസ് പരിശോധിച്ചതിൽ ഈ പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് 31/3/2016 ആണ്. അതിനാൽ 2012 ലെ പി.ഡബ്ല്യൂ.ഡി മാനവൽ സെക്ഷൻ 2116.1 പ്രകാരം അധികകാലത്തിന് പ്രതിവാരം PAC യുടെ 0.1% എന്ന നിരക്കിൽ കോമ്പൻസേഷനായി 9500രൂപ (47.5 ആഴ്ചയ്ക്ക് ബാധകമായ PAC യുടെ 4.75% തുക) ഈടാക്കേണ്ടിയിരുന്നു. എന്നാൽ ഈയിനത്തിൽ

തുകയൊന്നും ഈടാക്കാതിരുന്നതിനാൽ കരാറുകാരന് 9500/- രൂപ അധികമായി നൽകാനിടയായി. ഈ അധികചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 വാറ്റ് തുക ഒടുക്കിയതിൽ കുറവ്

| | |
|---|---|
| പ്രോജക്ട് നമ്പരും പേരും | S 83/17, പനിച്ചയം -പാച്ചുപിള്ളപ്പടി റോഡ് വാർഡ് – 7 |
| കരാറുകാരൻ | ശ്രീ സി.എം. മുഹമ്മദ് (ക്വോട്ട് ചെയ്ത നിരക്ക് 5,75,741.23 രൂപ) |
| അളവു പുസ്തകം | 218/16-17 |
| കരാർ നമ്പരും തീയതിയും | 44/AE/LSGD/ASNR/2016-17 തീയതി 13/02/2017. |
| പ്രവൃത്തിമൂല്യം | 575434രൂപ |
| ചെലവ് | ട്രഷറി ബിൽ നം. 36/16-17, തീയതി 20.03.2017 575434രൂപ |

മേൽ പ്രവൃത്തിയുടെ ഫയലിൽ ഉള്ളടക്കം ചെയ്തിരിക്കുന്ന കൊമേഴ്സ്യൽ ടാക്സസ് വകുപ്പിന്റെ ടാക്സ് കോമ്പൗണ്ടിംഗ് സർട്ടിഫിക്കറ്റ് പ്രകാരം 5% ടാക്സ് തുക കോമ്പൗണ്ട് ചെയ്യുവാനാണ് നിർദ്ദേശിച്ചിരുന്നത്. എന്നാൽ ബില്ല് പ്രകാരം കുറവുചെയ്തിരിക്കുന്നത് 4% ടാക്സ് തുകയായ 23017 രൂപ മാത്രമാണ്. വാറ്റ് തുക വകുപ്പ് നിർദ്ദേശിച്ചതിനേക്കാൾ കുറഞ്ഞ നിരക്കിൽ ഈടാക്കിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 2, തീയതി 3.10.2017) അസിസ്റ്റന്റ് എഞ്ചിനീയർ നല്കിയ മറുപടി കുറവ് തുക കരാറുകാരനിൽ നിന്നും ഈടാക്കി സർക്കാരിൽ അടവാക്കാമെന്നാണ്. അടവാക്കുവാൻ ബാക്കി നില്കുന്ന 5755 രൂപ (28772-23017) സർക്കാരിലേക്ക് ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 പത്രപ്പരസ്യം -ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല

2016 – 17 സാമ്പത്തികവർഷത്തിൽ വിവിധ ടെണ്ടർ പരസ്യങ്ങൾ മംഗളം ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച വകയിൽ തനത് ഫണ്ടിൽ നിന്നും താഴെ പറയും പ്രകാരമുള്ള തുക മംഗളം പബ്ലിക്കേഷൻസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നല്കിയിട്ടുണ്ട് .

| ക്രമ നം. | തുക | വൗച്ചർ നം. / തീയതി |
|---|---|---|
| 1 | 3040 | 21600044 / 15.04.16 |
| 2 | 2280 | 21600051 / 20.04. 16 |
| 3 | 2280 | 21600052 / 20.04. 16 |
| 4 | 2280 | 21600053 / 20.04. 16 |
| ആകെ | 9880 | |

എന്നാൽ ജി.ഒ (ആർ ടി) 1/2011/പി.&എ.ആർ.ഡി, 04.01.2011 പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് അനുവദിക്കേണ്ട 15 ശതമാനം ഇളവ് മേൽ പറഞ്ഞ നാല് അവസരങ്ങളിലും ലഭ്യമാക്കിയിട്ടില്ല . ദിനപത്രങ്ങളിൽ പരസ്യം നല്കുമ്പോൾ അർഹമായ ഇളവ് ലഭ്യമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ് .

## 3-4 സെന്റേജ് ചാർജ് അധികം നല്കി

| | |
|---|---|
| പ്രൊജക്ടിന്റെ നം. , പേര് | എസ് ഒ 159 / 17 , സ്ട്രീറ്റ് ടാപ്പ് കട്ടിങ്ങ് - വാട്ടർ അതോറിറ്റിയിൽ തുക അടയ്ക്കൽ |
| അടങ്കൽ | 1,92,000/- ( ധനകാര്യകമ്മീഷൻ അവാർഡ് ) |
| ചെലവ് | 1,92,000/- ബിൽ നം.21/ 16 -17 , 18.03. 17 |
| നിർവഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |
| നല്കിയത് | എക്സിക്യൂട്ടീവ് എഞ്ചിനിയർ , കേരള വാട്ടർ അതോറിറ്റി ,പി എച്ച് ഡിവിഷൻ ,ആലുവ |

എസ്റ്റിമേറ്റിന്റെ 10 % സൂപ്പർവിഷൻ ചാർജും എസ്റ്റിമേറ്റ് ,പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള ചാർജും ചേർത്ത് ആകെ

12.5 % സെന്റേജ് ചാർജായി ഈടാക്കാമെങ്കിലും പി ഡബ്ല്യു ഡി മാന്വൽ 1601.4 ഡെപ്പോസിറ്റ് വർക്ക്സ് പ്രകാരം എസ്റ്റിമേറ്റ് ,പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള സെന്റേജ് ചാർജ് ആയ 2.5% തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്ന് ഈടാക്കുവാൻ പാടില്ല . പി ഡബ്ല്യു ഡി മാന്വൽ വാട്ടർ അതോറിറ്റിക്കും ബാധകമായതിനാൽ 10 % തുക മാത്രമേ സെന്റേജ് ചാർജിനത്തിൽ നൽകേണ്ടതുള്ളൂ .സെക്രട്ടറി നിർവഹണം നടത്തിയ ടി പ്രോജക്ട് പ്രകാരം തുക നൽകിയതിന്റെ വിശദാംശങ്ങൾ താഴെ പറയുന്നു .

| ക്രമ നം. | ഇനം | തുക |
|---|---|---|
| 1 | വർക്കിംഗ് ചാർജസ് | 168065 |
| 2 | നല്കിയ സെന്റേജ് ചാർജ് | 21008 |
| 3 | പരസ്യചെലവ് | 2600 |
| 4 | കരുതൽ തുക | 327 |
| 5 | ആകെ | 192000 |
| 6 | 10 % സെന്റേജ് ചാർജ് | 19200 |
| 7 | അധികം നല്കിയത് (2 - 5) | 1808 |

സെന്റേജ് ചാർജിനത്തിൽ അധികമായി നൽകിയ 1808 /- രൂപ തിരികെ ഈടാക്കേണ്ടതാണ് .

## 3-5 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

പ്രോജക്ട് നം. - എസ്.ഒ. 19/17

പ്രോജക്ടിന്റെ പേര് - സാക്ഷരതാ തുടർവിദ്യാകേന്ദ്രങ്ങളിൽ പഠന ബോധന പ്രവർത്തനങ്ങൾ

ചെലവ് - 18750/-

ഡി.ഡി. നം. - 493215/26.12.2016

പത്താം ബാച്ച് പഠിതാക്കളുടെ കോഴ്സ് ഫീ - 9000/-, ഹയർ സെക്കൻഡറി തുല്യതാകോഴ്സ് ഫീസ് - 9750/- രൂപയും ഉൾപ്പെടെ ആകെ 18750/- രൂപ ഡയറക്ടർ, കേരള സ്റ്റേറ്റ് ലിറ്ററസി മിഷൻ അതോറിറ്റിയ്ക്ക് നല്കിയിട്ടുണ്ട്. എന്നാൽ ഇതിന്റെ കൈപ്പറ്റ് രസീതും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമായിട്ടില്ല.

ഇവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 1,50,000 | അങ്കണവാടി പോഷകാഹാരം | 1,50,000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 46500 | പാലിന് സബ്സിഡി | 46500 | - |
| ജില്ലാ പഞ്ചായത്ത് | 2016-17 | 1,42,806 | സമഗ്ര നെൽകൃഷി വികസനം | 1,42,806 | - |
| ജില്ലാ പഞ്ചായത്ത് | 2016-17 | 1,50,000 | അങ്കണവാടി പോഷകാഹാരം | 1,50,000 | - |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| വൗച്ചർ നം /ചെക്ക് നം | പ്രോജക്ടിന്റെ പേര് | മുൻകൂർ നൽകിയ തുക | നിർവ്വഹണ സ്ഥാപനം | ചെലവഴിച്ച തുക |
|---|---|---|---|---|
| 12/16-17 തീയതി | പൈപ്പ് ലൈൻ | 3,00,000 | കേരള വാട്ടർ അതോറിറ്റി | 3,00,000 |

| | | | | |
|---|---|---|---|---|
| 28.12.16 | നീട്ടൽ | | | |
| 21/16-17 തീയതി 18.03.17 | സ്ലീറ്റ് ടാപ്പ് കട്ടിംഗിനായി നല്കിയ തുക | 1,92,000 | കേരള വാട്ടർ അതോറിറ്റി | 1,92,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃസമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

.

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി വിവരങ്ങൾ പ്രകാരം 40647/- രൂപയുടെ ഓഡിറ്റ് റിക്കവറി ഓഡിറ്റ് കാലയളവിലുണ്ടായിട്ടുണ്ട്.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./ തീയതി |
|---|---|---|---|---|
| 2015-16 | 2-1(A) | 255 | ബാബു പി.വി.,പാറയ്ക്കാട്ട് | 11602103612/ 20.01.17 |
| | 2-1(B) | 2178 | അരോമാറ്റിക് റിസർച്ച് | 11602103789/ 04.02.17 |
| | 2-1(C) | 11551 | ഹൈറേഞ്ച് വുഡ് ഇൻഡസ്ട്രീസ് | 11602104201/ 28.02.17 |
| | 2-1(D) | 8202 | ട്രാവൻകൂർ ടിമ്പേഴ്സ് | 11602104209/ 01.03.17 |
| | 2-1(E) | 118 | സാജു കെ. ജോൺ | 11602103676/ 25.01.17 |
| | 2-1(F) | 2175 | ഷെമീർ സി.പി. | 11602104919/ 31.03.17 |
| | 2-2 | 500 | അസിസ്റ്റന്റ് പ്രൊഫസർ, ഐ.എൽ.എം. കോളേജ് | 11602101849/ 08.12.16 |
| 2014-15 | 2-1 | 11668 | അഗ്രിക്കൾച്ചർ ഇംപ്രൂവ്മെന്റ് കോഓപ്പറേറ്റീവ് സൊസൈറ്റി | 11602101008/ 03.09.16 |
| | 3-1 | 4000 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 11602101167/ 26.09.16 |
| | ആകെ | 40647 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 2-6 | 2005-06 | 37.1 | ഇല്ലത്തുപടി ശുദ്ധജല പദ്ധതി മുൻകൂർ തുക തിരിച്ചു പിടിക്കാത്തത് | ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക സമർപ്പിച്ചു. |
| 1999-00 | 2-8 | 2005-06 | 37.2 | വനിത ഫിഷ് മാർക്കറ്റിന് ഫ്രിഡ്ജ്, ഫ്രീസർ വാങ്ങിയത് ഉപയോഗശൂന്യമായത് | -ടി- |
| 1999-00 | 2-9 | 2005-06 | 37.3 | വിവരവിനിമയ സാങ്കേതിക സർവ്വേ പദ്ധതി ലക്ഷ്യം കൈവരിക്കാത്തത് | -ടി- |
| 1999-00 | 2-10 | 2005-06 | 37.4 | ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ | -ടി- |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 43187135 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 40268685 |
| വരവിനങ്ങളിലുള്ള നഷ്ടം | തിട്ടപ്പെടുത്തിയിട്ടില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 17063 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ചെലവിനങ്ങളിലും വരവിനങ്ങളിലുമുള്ള നഷ്ടം ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | വരവ് നഷ്ടം | ചെലവ് നഷ്ടം | |
| 3-1 | -- | 9500 | ശ്രീ.ബാലകൃഷ്ണൻ.എൻ., അസിസ്റ്റന്റ് എഞ്ചിനീയർ, അശമന്നൂർ ഗ്രാമപഞ്ചായത്ത് |
| 3-4 | -- | 1808 | ശ്രീമതി. പി എം സെമീന, സെക്രട്ടറി, അശമന്നൂർ ഗ്രാമപഞ്ചായത്ത് |
| | -- | 11308 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഇനം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|

| | | | |
|---|---|---|---|
| 3-2 | 5755 | മൂല്യ വർദ്ധിത നികുതി | ശ്രീ.ബാലകൃഷ്ണൻ.എൻ., അസിസ്റ്റന്റ് എഞ്ചിനീയർ(സി) അശമന്നൂർ ഗ്രാമപഞ്ചായത്ത് |

നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

2-2

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. പി എം സെമീന, സെക്രട്ടറി, അശമന്നൂർ ഗ്രാമപഞ്ചായത്ത് | വിരമിച്ചു | മരോട്ടിക്കൽ ഹൗസ്, എടത്തല പി.ഒ, പൂക്കാട്ടുപടി |
| ശ്രീ.ബാലകൃഷ്ണൻ.എൻ., അസിസ്റ്റന്റ് എഞ്ചിനീയർ, അശമന്നൂർ ഗ്രാമപഞ്ചായത്ത് | അസിസ്റ്റന്റ് എഞ്ചിനീയർ, കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് | മുല്ലശേരി ഹൗസ്, കൂവപ്പടി പി.ഓ. |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 | LFE(P2)139(3)/11dt.19.5.11 |
| 1999-00 | LFE(P2)1395(36)/11dt.19.5.11 |
| 2000-01 | KSA-EKM(P2)719/15 dt.22.09.15 |
| 2001-02 | KSA-EKM(P2)719/15 dt.22.09.15 |
| 2004-05 | KSA-EKM(P2)719/15 dt.22.09.15 |
| 2005-06 | LFE(P2)1272/09dt.1.6.2011 |
| 2006-07 | LFE(P2)1273/11dt.8.3.2010/7.6.10 |
| 2007-08 | LFE(P2)2034/12dt.5.3.2013 |
| 2008-09 | LFE(P2)2035/12dt.6.3.2013 |
| 2009-10 | LFE(P2)2035/15dt.21.1.2016 |
| 2010-11 | LFE(P2)2035/15dt.21.1.2016 |
| 2011-12 | LFE(P2)2035/15dt.21.1.2016 |
| 2012-13 | LFE(P2)985/15dt.22.4.2015 |
| 2013-14 | LFE(P2)985/15dt.22.4.2015 |
| 2014-15 | LFE(P2)1190/16dt.20.7.2016 |
| 2015-16 | KSA EKM(P2)2121/16dt.13.12.2016 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

# അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ഇകെഎം(പി.2)2210/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ:doekm.ksad@kerala.gov.in
തീയതി : 30.11.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ അശമന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 2-5 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അശമന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ഡെപ്യൂട്ടി ഡയറക്ടർ

.

No.K.S.A.-EKM(P2) 2210/17

Kerala State Audit Department
District Audit Office, Ernakulam,
Civil Station, Kakkanad -682030
Phone : 0484 2422271,
E-mail : lfadekm@gmail.com
Dated: 30.11.2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of ASAMANNUR Grama Panchayat in Ernakulam District for the Financial Year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of ASAMANNUR Grama Panchayat for the Financial Year 2016-17 properly presents the picture of income and expenditure, except the observations in para No.2-5 of my audit report .

.

Deputy Director